# സമന്വയത്തിന്റെ ഇന്ത്യ

---

**Que.1.** ചുവടെ നൽകിയിട്ടുള്ള വ്യക്തികൾ പ്രതിനിധീകരിച്ച പ്രസ്ഥാനങ്ങൾ ഏതെല്ലാമായിരുന്നു?

A. ബസവണ്ണ

B. കബീർ

C. ഖ്വാജാ മൊയ്നുദ്ദീൻ ചിഷ്ടി

**Marks : (3)**

**Ans.** A.വീരശൈവ പ്രസ്ഥാനം

B. ഭക്തി പ്രസ്ഥാനം

C. സൂഫിപ്രസ്ഥാനം

**Que.2.** ജനങ്ങൾക്കിടയിൽ സമത്വചിന്തയും മതസൗഹാർദ്ദവും വളർത്തുവാൻ കബീറിന്റെ ആശയങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക.

**Marks : (4)**

**Ans.**

- ഹിന്ദു-മുസ്ലീം സാഹോദര്യം പ്രചരിപ്പിച്ചു.
- എല്ലാതരത്തിലുള്ള വിവേചനവും എതിർത്തു.
- ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ എന്നിവ എതിർത്തു.
- വിഗ്രഹാരാധന, തീർത്ഥാടനം, പുണ്യനദീസ്നാനം എന്നിവ നിരാകരിച്ചു.

**Que.3.** ഇന്ത്യയിലെ ഭക്തി പ്രസ്ഥാനത്തിലെ സ്ത്രീസാന്നിധ്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**Marks : (4)**

**Ans.**

- രാജസ്ഥാനിലെ മീരാഭായിയെക്കുറിച്ച് എഴുതുന്നതിന്
- കാശ്മീരിലെ ലാൽദേദ്, മഹാരാഷ്ട്രയിലെ ഭഹിനാഭായ്, കർണാടകത്തിലെ അക്കാ മഹാദേവി, തമിഴ്നാട്ടിലെ ആണ്ടാൾ, കാരയ്ക്കൽ അമ്മെെയാർ.

**Que.4.** 'ഗുരുനാനാക്കിന്റെ ആശയങ്ങൾ മതസഹിഷ്ണുതയിലും സാർവത്രിക സാഹോദര്യത്തിലും അടിയുറച്ചുള്ളവയായിരുന്നു'. സമർത്ഥിക്കുക.

**Marks : (4)**

**Ans.**

- ഹിന്ദു-ഇസ്ലാം മതങ്ങളിലെ തത്ത്വങ്ങളെ ഏകീകരിക്കാൻ ശ്രമിച്ചു.
- ദൈവത്തിലേക്ക് എത്താൻ സ്വാഭാവത്തിലും പെരുമാറ്റത്തിലും ശുദ്ധിവേണമെന്ന് പ്രചരിപ്പിച്ചു.
- ഗൃഹസ്ഥന്റെ ചുമതലകൾ ആത്മീയ ജീവിതത്തോടൊപ്പം കൊണ്ടുപോകാൻ പ്രോത്സാഹിപ്പിച്ചു.
- മനുഷ്യരെല്ലാം തുല്യരാണ്, അവർക്കിടയിൽ ജാതിവ്യത്യാസം പാടില്ല എന്ന് പറഞ്ഞു.
- പൊതു അടുക്കള – എല്ലാ ജാതിയിൽപ്പെട്ടവർക്കും അവിടെ നിന്ന് ഭക്ഷണം

ഇവയിൽ ഏതെങ്കിലും നാലെണ്ണം എഴുതി സംർത്ഥിക്കുന്നതിന്

**Que.5.** സാമൂഹിക സമത്വമെന്ന ആശയം ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങളിലൊന്നാണ് മറ്റ് രണ്ട് ഫലങ്ങൾ എഴുതുക.

**Marks : (2)**

**Ans.**

- ജാതി വിവേചനത്തിനെതിരെയുള്ള വികാരം ശക്തിപ്പെട്ടു.
- സ്ത്രീ-പുരുഷ സമത്വം

**Que.6.** സംഗീത രത്നാകരം എന്ന കൃതി രചിച്ചതാര്?

എ) ഗാർങ്ഗദേവൻ ബി) താൻസെൻ

സി) അമീർ ഖുസ്രു ഡി) രാജാമാൻസിങ്

**Marks : (1)**

**Ans.** ഗാർങ്ഗദേവൻ

**Que.7.** മുഗൾ കാലഘട്ടത്തിൽ നിലവിൽ വന്ന ചിത്രകലാരീതിയുടെ പേരെന്ത്?

**Marks : (1)**

**Ans.** സൂക്ഷ്മചിത്രകല

**Que.8.** ഗുരുനാനാക്കിന്റെ പ്രാർത്ഥനാഗീതങ്ങൾ ഏതു പേരിലറിയപ്പെടുന്നു?

**Marks : (1)**

**Ans.** ഷാബാദ്

**Que.9.** കബിർ, ഗുരുനാനാക്ക്, മീരാഭായി എന്നിവരുടെ ആശയങ്ങൾ ഇന്ത്യയിൽ മതസൗഹാർദ്ദം വളർത്തുന്നതിന് വളരെ സഹായകമായി. വിശദമാക്കുക?

**Marks : (4)**

**Ans.**

- കബീർ ഹിന്ദുമതവും ഇസ്ലാംമതവും തമ്മിൽ സാഹോദര്യം വളർത്തുന്നതിന് തന്റെ ദോഹകളെ ജനങ്ങൾക്കിടയിൽ വ്യാപിപ്പിച്ചു.
- ജാതി വ്യവസ്ഥയേയും തൊട്ടുകൂടായ്മയേയും എതിർത്ത കബീർ ജാതി, മതം, വർണ്ണം, കുടുംബം, സമ്പത്ത് തുടങ്ങിയ വിവേചനങ്ങളെ നിശിതമായി എതിർത്തു.
- ഏകദൈവ വിശ്വാസത്തിന് ഊന്നൽ നൽകിയ ഗുരുനാനാക്ക് ഹിന്ദു-ഇസ്ലാം മത തത്വങ്ങളെ ഏകീകരിക്കാൻ ശ്രമിച്ചു.
- മനുഷ്യരെല്ലാം തുല്യരാണ് അവർക്കിടയിൽ ജാതിവ്യത്യാസം പാടില്ല എന്ന ഗുരുനാനാക്കിന്റെ സന്ദേശം.

**Que.10.** ആഴ്വാർമാരും, നായനാർമാരും തമ്മിലുള്ള വ്യത്യാസമെന്ത്?

**Marks : (2)**

**Ans.** ആഴ്വാർമാർ വിഷ്ണുഭക്തരും നായനാർമാർ ശിവഭക്തരുമായിരുന്നു.

**Que.11.** പാരമ്പര്യശൈലിയും മുഗൾ ശൈലിയും സമന്വയിച്ചുണ്ടായ ചിത്രകലാരീതി ഏതുപേരിലറിയപ്പെടുന്നു?

**Marks : (1)**

**Ans.** രാജസ്ഥാൻ ചിത്രകലാരീതി

**Que.12.** മധ്യകാല ഇന്ത്യയിലെ സംസ്കാരങ്ങളുടെ സമന്വയത്തിന് സംഗീതം വഹിച്ച പങ്ക് വിശദമാക്കുക.

**Marks : (4)**

**Ans.**

- ദക്ഷിണേന്ത്യൻ സംഗീതശൈലി - കർണ്ണാടക സംഗീതം.
- പേർഷ്യൻ സ്വാധീനഫലമായി രൂപം കൊണ്ട ഹിന്ദുസ്ഥാനി സംഗീതം.
- ഖയാൽ, തുമ്രി തുടങ്ങിയ പേർഷ്യൻ ആലാപന രീതികൾ.

- രാഗദർപ്പൺ എന്ന കൃതി പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. മധ്യകാല രാജാക്കന്മാർ സംഗീത ഉപാസകരായിരുന്നു.

**Que.13.** പേർഷ്യൻ സംഗീതത്തിന്റെ സ്വാധീനത്തിൽ രൂപം കൊണ്ട പുതിയ സംഗീത ശൈലിയേത്?

**Marks : (1)**

**Ans.** ഹിന്ദുസ്ഥാനി സംഗീതം

**Que.14. എ കോളത്തിനനുയോജ്യമായവ ബി, സികോളങ്ങളിൽ നിന്നും കണ്ടെത്തി എഴുതുക.**

| എ | ബി | സി |
|---|---|---|
| ഒറിയ | വമനപണ്ഡിത് | ഗീതങ്ങൾ |
| മറാത്തി | സരളദാസ | കാവ്യങ്ങൾ |
| കന്നട | ആഴ്വാർമാർ | നാലായിര ദിവ്യപ്രബന്ധം |
| തമിഴ് | അമോഘവർഷൻ | കവിരാജമാർഗം |

**Marks : (4)**

**Ans.**

| എ | ബി | സി |
|---|---|---|
| ഒറിയ | സരളദാസ | കാവ്യങ്ങൾ |
| മറാത്തി | വമനപണ്ഡിത് | ഗീതങ്ങൾ |
| കന്നട | അമോഘവർഷൻ | കവിരാജമാർഗം |
| തമിഴ് | ആഴ്വാർമാർ | നാലായിര ദിവ്യപ്രബന്ധം |

**Que.15.** മധ്യകാല ഇന്ത്യയിൽ പേർഷ്യൻ ഭാഷയുടെയും സാഹിത്യത്തിന്റെയും സ്വാധീനം വിലയിരുത്തുക?

**Marks : (3)**

**Ans.**

- മധ്യകാലഘട്ടത്തിൽ ചില കവികളെയും എഴുത്തുകാരെയും പേർഷ്യൻ സാഹിത്യം സ്വാധീനിച്ചു.
- അമീർ ഖുസ്രുവിന്റെ രചനകൾക്ക് സമൂഹത്തിലുണ്ടായ സ്വാധീനം
- രാമായണം, മഹാഭാരതം, ഉപനിഷത്തുകൾ തുടങ്ങിയവ പേർഷ്യൻ ഭാഷയിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു.

**Que.16.** മധ്യകാലഘട്ടത്തിലെ സാംസ്കാരിക സമന്വയത്തിന്റെ ഫലമായാണ് ഇന്ത്യയിൽ ഉറുദുഭാഷ രൂപം കൊണ്ടത്. പ്രസ്താവന സമർത്ഥിക്കുക.

**Marks : (3)**

**Ans.**

- ഹിന്ദി-പേർഷ്യൻ സംയോജനഫലമായി ഉറുദു രൂപപ്പെട്ടു.
- ഡെക്കാൻ പ്രദേശത്ത് സംസാരിച്ചിരുന്ന ഉറുദുവിന്റെ മേൽ തെലുങ്ക്, മറാത്തി എന്നിവയുടെ സ്വാധീനം.

**Que.17.** ഇന്ത്യൻ സാമൂഹിക വ്യവസ്ഥയുടെ പരിവർത്തനത്തിന് ഭക്തിപ്രസ്ഥാനം സഹായകമായതെങ്ങനെ? വിശദമാക്കുക.

**Marks : (3)**

**Ans.**

- ജാതി വിവേചനത്തിനെതിരായ സാമൂഹിക സമത്വം എന്ന ചിന്ത, അനാചാരങ്ങൾ ചോദ്യം ചെയ്തു.
- സ്ത്രീ-പുരുഷ സമത്വം


**Que.18.** കബീറിന്റെ ആശയങ്ങൾ മാനവിക ഐക്യം ഊട്ടിഉറപ്പിക്കുന്നതിൽ എത്രത്തോളം സഹായകമായി ? പരിശോധിക്കുക.

**Marks : (3)**

**Ans.**

- എല്ലാ ജാതി മതസ്ഥരേയും ഒന്നിപ്പിക്കുന്ന സ്നേഹത്തിന്റെ മതം.
- ജാതി, മതം, വർണ്ണം, കുടുംബം, സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തെ എതിർത്തു.
- ഒരേ മണ്ണു കൊണ്ടുണ്ടാക്കിയ രണ്ട് പാത്രങ്ങളാണ് ഹിന്ദുവും മുസ്ലീമും എന്ന സന്ദേശത്തിലൂടെ മാനവിക ഐക്യത്തിന് ഊന്നൽ നൽകി.

**Que.19.** പദസൂര്യൻ പൂർത്തിയാക്കുക.




**Marks : (4)**

**Ans.**

- ജാതിവ്യവസ്ഥയെ എതിർത്തു
- സ്ത്രീ-പുരുഷ സമത്വത്തിന് പ്രാധാന്യം നൽകി,
- സ്വാതന്ത്ര്യം, സാമൂഹികനീതി എന്നീ ആശയങ്ങൾ പ്രചരിപ്പിച്ചു.
- പുനർജന്മ സിദ്ധാന്തത്തെ ചോദ്യം ചെയ്തു
- വിധവാവിവാഹം, മിശ്രഭോജനം, പ്രായപൂർത്തി വിവാഹം എന്നിവ പ്രോത്സാഹിപ്പിച്ചു. (ഏതെങ്കിലും നാലെണ്ണം)

**Que.20.** 'വചനസാഹിത്യം' ഏതു ഭാഷയുടെ വളർച്ചയ്ക്കാണ് സഹായകരമായത്?

**Marks : (1)**

**Ans.** കന്നഡ

**Que.21. A കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി Bകോളം ക്രമപ്പെടുത്തുക**

| A | B |
|---|---|
| മീരാഭായി | ദോഹ |
| കബീർ | ഭജൻ |
| ഗുരുനാനാക്ക് | വചനസാഹിത്യം |
| ബസവണ്ണ | ഷാബാദ് |

**Marks : (4)**

**Ans.**

| A | B |
|---|---|
| മീരാഭായി | ഭജൻ |
| കബീർ | ദോഹ |
| ഗുരുനാനാക്ക് | ഷാബാദ് |
| ബസവണ്ണ | വചനസാഹിത്യം |

**Que.22.** 'വീരശൈവ പ്രസ്ഥാനത്തിന്റെ ആവിർഭാവം സമൂഹത്തിലെ ജാതി മേധാവിത്വത്തെയും അസമത്വങ്ങളെയും ചോദ്യം ചെയ്യുന്നതിന് വഴിതെളിച്ചു'. ഈ പ്രസ്താവന സമർഥിക്കുക.

**Marks : (4)**

**Ans.**

- ബസവണ്ണ – വീരശൈവ – കർണ്ണാടക
- ജാതി - ലിംഗ വിവേചനത്തിനെതിരെ നിലകൊണ്ടു
- അനുഭവമണ്ഡപം - സ്ത്രീ-പുരുഷ സമത്വം
- തൊഴിൽ മഹത്വം, വിധവാ പുനർ വിവാഹം, പ്രായപൂർത്തി വിവാഹം, സ്വാതന്ത്ര്യം, സാമൂഹിക നീതി എന്നിവ പ്രോത്സാഹിപ്പിച്ചു.
- ജാതി മേധാവിത്വത്തെ ചോദ്യം ചെയ്തു.

(ഏതെങ്കിലും നാലെണ്ണം)

**Que.23.** 'സൂഫിസം' മുന്നോട്ടു വച്ച ആശയങ്ങൾ ഇന്ത്യയുടെ സാംസ്കാരിക ഐക്യത്തിന് എത്രമാത്രം സഹായകമായെന്ന് വ്യക്തമാക്കുക.

**Marks : (2)**

**Ans.**

- എല്ലാ മനുഷ്യരേയും ബഹുമാനിക്കേണ്ടതാണ്.
- 'ഖാൻഗാഹുകൾ' സാമൂഹിക സാംസ്കാരിക ജീവിതത്തിന്റെ കേന്ദ്രങ്ങൾ
- വിവിധ മതക്കാർക്കിടയിൽ ബന്ധങ്ങളുടെ പാലങ്ങൾ തീർത്ത് 'സൂഫിസം' സാംസ്കാരിക ഐക്യം ഊട്ടി ഉറപ്പിച്ചു.

**Que.24.** മധ്യകാല ഇന്ത്യയിലെ സാംസ്കാരിക ജീവിതത്തെ ചുവടെ തന്നിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

- പ്രാദേശിക ഭാഷകളുടെ വളർച്ച
- സംഗീതം
- വാസ്തുവിദ്യയും ചിത്രകലയും

**Marks : (6)**

**Ans.**

- ഭക്തി - സൂഫി പ്രബോധകർ - നിരവധി ഭാഷകൾ രൂപംകൊണ്ടു.
- കർണാടക സംഗീതം - ഹിന്ദുസ്ഥാനി സംഗീതം - സംഗീതോപകരണങ്ങൾ - ദർബാറി രാഗം
- സൂക്ഷമ ചിത്രകല – മുഗൾ ചിത്രകലാ ശൈലി - പ്രകൃതി ദൃശ്യങ്ങൾ, ഗുണമേന്മ – ദ്രാവിഡശൈലി, നാഗര, ഇന്തോ പേർഷ്യൻ ശൈലി

**Que.25.** പ്രശസ്ത സൂഫിവര്യന്മാരുടെയും അവരുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെയും പേരുകളാണ് ചുവടെ നൽകിയിട്ടുള്ളത് . അവയെ അനുയോജ്യമായി പട്ടികപ്പെടുത്തുക.

| സൂഫിവര്യന്മാർ | സ്ഥലങ്ങൾ |
|---|---|
| ബാബാ ഫരീദ് | ഗുൽബർഗ |
| ഷാ ആലം ബുഖാരി | അയോധാൻ |
| ബഹാ-ഉദ്ദീൻ-സക്കരിയ | മുൾത്താൻ |
| സയ്യിദ് മുഹമ്മദ് ജേസുദറാസ് | ഗുജറാത്ത് |

**Marks : (4)**

**Ans.**

| സൂഫിവര്യന്മാർ | സ്ഥലങ്ങൾ |
|---|---|
| ബാബാ ഫരീദ് | അയോധാൻ |
| ഷാ ആലം ബുഖാരി | ഗുജറാത്ത് |
| ബഹാ-ഉദ്ദീൻ-സക്കരിയ | മുൾത്താൻ |
| സയ്യിദ് മുഹമ്മദ് ജേസുദറാസ് | ഗുൽബർഗ |

**Que.26.** ഗുരുനാനാക്കിന്റെ ആശയങ്ങൾ മതസൗഹാർദം വളർത്തുന്നതിൽ എത്രത്തോളം സഹായകമായി? വിശദമാക്കുക

**Marks : (4)**

**Ans.**

- മതസഹിഷ്ണത, സാഹോദര്യം എന്നീ ആശയങ്ങൾ
- മനുഷ്യരെല്ലാം തുല്യരാണ്, അർക്കിടയിൽ ജാതി വ്യത്യാസം പാടില്ല.
- പൊതു അടുക്കളയിൽ നിന്നും ഏതു ജാതിയിൽപ്പെട്ടവർക്കും ഭക്ഷണ കഴിക്കാമെന്ന ആഹ്വാനം.

**Que.27.** മധ്യകാല ഇന്ത്യയിൽ നിലനിന്നിരുന്ന വാസ്തുവിദ്യാശൈലിയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് പ്രധാനപ്പെട്ട വാസ്തുവിദ്യാശൈലികൾ രേഖപ്പെടുത്തുക.

1



ബൃഹദേശ്വര ക്ഷേത്രം – തഞ്ചാവൂർ

2



കൗന്ദര്യക്ഷേത്രം ഖജുരാവോ

3



ചെങ്കോട്ട – ഡൽഹി

**Marks : (3)**

**Ans.**

- ബൃഹദേശ്വര ക്ഷേത്രം - ദ്രാവിഡ
- ഖജുരാവോ - നഗര
- ചെങ്കോട്ട - പേർഷ്യൻ